3/11/2020
TUESDAY

# MALAYALAM
## (Adisthana Padavali)

STD - X
Class - 16

1) മലയാളദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെയെന്ന് കാവ്യഭാഗത്തുനിന്ന് കണ്ടെത്തി സ്വയം വാക്യത്തിലവതരിപ്പിക്കുക.

Ans) ഓണം മലയാളനാടിനെ എങ്ങനെയെല്ലാം അണിയിച്ചൊരുക്കുന്നു എന്നും പ്രകൃതിയോട് ചേർന്ന് മലയാളികൾ മഹാബലിയെ എങ്ങനെ വരവേൽക്കുന്നുവെന്നും വർണിക്കുന്ന കവിതയാണ് ഓണമുറ്റത്ത്. മഴയെപ്പോലും വകവെക്കാതെ മേടുകൾതോറും പൂക്കുടകൾ നിറച്ച് ഒരുങ്ങി നിൽക്കുകയാണ് തുമ്പകൾ. വിളക്കുകൊളുത്താൻ തിരികൾ തെറുത്ത് കാത്തിരിക്കുന്നതുപോലെ പൂക്കാൻ അക്ഷമയോടെ കാത്തിരിക്കുകയാണ് മുക്കുറ്റികൾ. ഓണമെത്തുന്നതും കാത്ത് വയലേലകൾ തോറും നിരന്നുനിൽക്കുന്നു നെയ്യാമ്പലുകൾ. നിലാവാകുന്ന കമുകിൻ പൂവരി തൂകി ഓണത്തപ്പനെ എതിരേൽക്കാൻ രാത്രി കാത്തുനിൽക്കുന്നു. ഉദയസൂര്യനാകുന്ന ചങ്ങലവിളക്കിന്റെ നാളം അല്പമൊന്നുയർത്തി പ്രഭാതമാകുന്ന കന്യക ഓണക്കോടിയുടുത്ത് ഒരുങ്ങിയെത്തിയിരിക്കുന്നു.